പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2412    18.07.2011 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർ / ഓഡിറ്റർമാരുടെ തരംതിരിച്ച കണക്ക്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അൻവർ സാദത്ത്** | **ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| (എ) സഹകരണ വകുപ്പിൽ ഇപ്പോൾ എത്ര കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർ/ ഓഡിറ്റർമാർ ജോലി ചെയ്യുന്നുണ്ട്. ജൂനിയർ, സീനിയർ അനുപാതം വ്യക്തമാക്കാമോ, | (എ) സഹകരണ വകുപ്പിൽ റഗുലർ തസ്തികകളായി അനുവദിച്ചിട്ടുള്ള 1164 ജൂനിയർ / സീനിയർ ഇൻസ്പെക്ടർ / ആഡിറ്റർ തസ്തികകളിലും കെ.എസ്.ആർ. 144, 156 പ്രകാരം അനുവദിച്ചിട്ടുള്ള ജൂനിയർ / സീനിയർ ഇൻസ്പെക്ടർ / ആഡിറ്റർ തസ്തികകളിലുമായി 1294 ജൂനിയർ ഇൻസ്പെക്ടർ / ആഡിറ്റർമാരും 1214 സീനിയർ ഇൻസ്പെക്ടർ / ആഡിറ്റർമാരും ജോലി ചെയ്തു വരുന്നു. റഗുലർ തസ്തികകളിൽ ജൂനിയർ / സീനിയർ അനുപാതം 1:1 ആണ്. |
| (ബി) ധനകാര്യ വകുപ്പ് അനുവദിച്ച ജൂനിയർ / സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ എണ്ണം എത്രയാണ്, വിശദമാക്കുമോ, | (ബി) 1164 ജൂനിയർ / സീനിയർ ഇൻസ്പെക്ടർ / ആഡിറ്റർ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. |
| (സി) പ്രസ്തുത തസ്തികയിൽ (ജൂനിയർ ആന്റ് സീനിയർ) പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ചവർ, യു.ഡി.ക്ലാർക്ക് / യു.ഡി. ടൈപ്പിസ്റ്റ് എന്നിവരിൽ നിന്നും ബൈ ട്രാൻസ്ഫർ നിയമനം നേടിയവർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരിൽ നിന്നും ബൈ ട്രാൻസ്ഫർ നിയമനം നേടിയവർ എന്നിവരുടെ എണ്ണം, ഇനം തിരിച്ച് വ്യക്തമാക്കുമോ, | (സി) ജൂനിയർ ഇൻസ്പെക്ടർ / ആഡിറ്റർ തസ്തികയിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ച 764 പേരും യു.ഡി. ക്ലാർക്ക് / യു.ഡി. ടൈപ്പിസ്റ്റ് എന്നിവരിൽ നിന്നും ബൈട്രാൻസ്ഫർ നിയമനം ലഭിച്ച 358 പേരും വി.ഇ.ഓ. മാരിൽ നിന്നും ബൈട്രാൻസ്ഫർ നിയമനം ലഭിച്ച 172 പേരും ജോലി ചെയ്യുന്നു. സീനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ച ജൂനിയർ ഇൻസ്പെക്ടർമാരിൽ നിന്നും ഉദ്യോഗക്കയറ്റം ലഭിച്ച 636 സീനിയർ ഇൻസ്പെക്ടർമാരും യു.ഡി.സി. / യു.ഡി.റ്റി. മാരിൽ നിന്നും ബൈട്രാൻസ്ഫർ നിയമനം ലഭിച്ച 478 പേരും വി.ഇ.ഓ.മാരിൽ നിന്നും ബൈട്രാൻസ്ഫർ നിയമനം ലഭിച്ച 100 പേരും ജോലി ചെയ്യുന്നു. |

| | |
|---|---|
| (ഡി) സഹകരണ വകുപ്പിൽ കൺകറന്റ് ഓഡിറ്റർമാരായി ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ? | (ഡി) സഹകരണ വകുപ്പിൽ ജൂനിയർ ആഡിറ്റർ തസ്തിക മുതൽ ജോയിന്റ് ഡയറക്ടർ തസ്തിക വരെ 1215 പേർ കൺകറന്റ് ആഡിറ്റർമാരായി ജോലി ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ